(സി) മിഷൻ 676-ൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ചെയ്യേണ്ട എല്ലാവിധ നടപടികളും സ്വീകരിച്ച് ഈ പദ്ധതി നടപ്പാക്കുന്ന IWAI വഴി എത്രയും വേഗം പണി പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

കരിമല അംബേദ്കർ കുടിവെള്ള പദ്ധതി

123 (2332) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട കരിമല അംബേദ്കർ കുടിവെള്ള പദ്ധതിക്ക് അനുമതി ലഭിച്ചിട്ടും പണി തുടങ്ങാൻ താമസിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) കുടിവെള്ള ലഭ്യത ഇല്ലാത്ത ഈ പ്രദേശത്ത് പ്രസ്തുത കുടിവെള്ള പദ്ധതി ഉടനടി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ; എന്നത്തേക്ക് ഈ പദ്ധതി പൂർത്തിയാക്കാനാകും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കരിമല അംബേദ്കർ കുടിവെള്ള പദ്ധതിയിൽ കുളനട ഗ്രാമപഞ്ചായത്തിലെ വാർഡ് 2 ആയ കരിമല അംബേദ്കർ കോളനിയിലേക്കുള്ള പൈപ്പ് നീട്ടൽ പണിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

കുളനട പഞ്ചായത്തിലെ 2-ാം ഘട്ട കുടിവെള്ള പദ്ധതിയിൽ കരിമല കോളനിയുടെ ചില പ്രദേശങ്ങളും ഉൾപ്പെടുത്തിയിരുന്നതിനാൽ മേൽ പദ്ധതി പൂർത്തീകരിച്ചതിനുശേഷം അവശേഷിക്കുന്ന ഭാഗം ഉൾപ്പെടുത്തി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വന്നതിലുള്ള കാലതാമസമാണ് പണി തുടങ്ങാൻ താമസിക്കുന്നതിന്റെ കാരണം.

(ബി) ഈ പദ്ധതി 4 മാസത്തിനകം പൂർത്തിയാക്കുന്നതിനുള്ള നടപടി വാട്ടർ അതോറിറ്റി സ്വീകരിച്ചുവരികയാണ്.

മീനാട് ശുദ്ധജലപദ്ധതി

124 (2333) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മീനാട് ശുദ്ധജലപദ്ധതി (ജപ്പാൻ കുടിവെള്ള പദ്ധതി) പ്രകാരം എത്ര കിലോമീറ്റർ ദൂരത്തിലാണ് വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി തീരുമാനിച്ചിരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത വിതരണ ലൈൻ നിലവിൽ എത്ര കിലോമീറ്റർ ദൂരം സ്ഥാപിച്ചു കഴിഞ്ഞുവെന്ന് അറിയിക്കുമോ ;

(സി) ഈ പദ്ധതി പ്രകാരം ഇനി പൈപ്പ് ലൈൻ സ്ഥാപിക്കുവാനുള്ളത് ഏതൊക്കെ പ്രദേശങ്ങളിലാണെന്ന് അറിയിക്കുമോ ;

(ഡി) പ്രസ്തുത പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിലേക്കായി ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും എന്നത്തേക്ക് പൈപ്പ് സ്ഥാപിക്കൽ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) മീനാട് ശുദ്ധജല വിതരണ പദ്ധതി പ്രകാരം 963 കിലോമീറ്റർ ദൂരത്തിലാണ് വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ളത്.

(ബി) പ്രസ്തുത വിതരണ ലൈൻ നിലവിൽ 787 കിലോമീറ്റർ ദൂരം സ്ഥാപിച്ചു കഴിഞ്ഞു.

(സി) ഈ പദ്ധതി പ്രകാരം ചാത്തന്നൂർ പഞ്ചായത്തിൽ പൈപ്പ് ലൈൻ ഏറെക്കുറെ പൂർണ്ണമായി സ്ഥാപിച്ചുകഴിഞ്ഞു. കരവാളൂർ, അഞ്ചൽ, ഇടമുളയ്ക്കൽ, ഉമ്മന്നൂർ, ഇളമാട്, പൂയപ്പള്ളി, വെളിയം, മയ്യനാട്, നെടുമ്പന, ആദിച്ചനല്ലൂർ (പാർട്ട്), ചിറക്കര, പൂതക്കുളം എന്നീ പഞ്ചായത്തുകളിലും പരവൂർ മുനിസിപ്പാലിറ്റിയിലും പൈപ്പ് ലൈൻ പണികൾ പൂർത്തീകരിക്കാനായി ബാക്കിയുണ്ട്.

(ഡി) പ്രസ്തുത പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിലേക്കായി M/s. TECPRO എന്ന കമ്പനിയെയാണ് ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ ടി കമ്പനി സമയബന്ധിതമായി പണികൾ പൂർത്തീകരിക്കാത്തതിനാൽ പ്രസ്തുത കരാർ 10-3-2015-ൽ റദ്ദ് ചെയ്ത് പുതിയ കരാർ നൽകുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പുതിയ കരാർ നൽകി 2016 ഡിസംബറോടുകൂടി പണികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഒഴൂർ ജലനിധി പദ്ധതി

125 (2334) ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താനൂർ നിയോജകമണ്ഡലത്തിലെ ഒഴൂർ ജലനിധി പദ്ധതി പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

LIBRARY ARCHIVES Kerala Legislative Assembly